Draft #5 of File 25211/ACA1 SO/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 22-Sep-2020 04:23 AM - Page 1

YEARS OF
CELEBRATING
THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

വിവിധ ഏജൻസികളിൽ നിന്നും ജെനുവിൻനെസ്സ് വെരിഫിക്കേഷൻ ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം നൽകികൊണ്ടുള്ള ഉത്തരവ് പരിഷ്കരിച്ചു കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4193/AC A 1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 22.09.2020

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ 2761/AC A 1/2020 /എം.ജി.യു., തീയതി 23.06.2020.

2. സർവ്വകലാശാല ഉത്തരവ് നമ്പർ 3976/AC A 1/2020 /എം.ജി.യു., തീയതി 09.09.2020.

3.വൈസ് - ചാൻസലറുടെ 04.09.2020 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർവ്വകലാശാലാ ഉത്തരവിൽ ഏതൊക്കെ ഏജൻസികളിൽ നിന്നും ജെനുവിൻനെസ്സ് വെരിഫിക്കേഷൻ സേവനത്തിന് ഫീസ് ഈടാക്കാം എന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകിയിരുന്നു.

പരീക്ഷാ മാനുവൽ പ്രകാരം (i) മറ്റ് സർവ്വകലാശാലകൾ, (ii) ഫോറിൻ എംബസ്സികൾ, (iii) എഡ്യൂക്കേഷണൽ ഏജൻസികൾ എന്നിവയിൽ നിന്നൊഴികെ മറ്റെല്ലാവിധ വെരിഫിക്കേഷൻ ഏജൻസികളിൽ നിന്നും സർവ്വകലാശാല നൽകുന്ന ജെനുവിൻനെസ്സ് വെരിഫിക്കേഷൻ സേവനത്തിന് ഫീസ് ഈടാക്കാമെന്നാണ് പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിരുന്നത്. ഇതിനായി പരീക്ഷ മാനുവലിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തണമെന്നുമുള്ള ശുപാർശകൂടി അംഗീകരിച്ചുകൊണ്ട് വൈസ്-ചാൻസിലർ ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിൽ, മേൽ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ഐറ്റം (iii) -ലെ എഡ്യൂക്കേഷണൽ ഏജൻസികൾ ഏതൊക്കെ എന്നതിൽ വ്യക്തത നൽകികൊണ്ട് പരാമർശം (2) പ്രകാരമുള്ള സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം( 3) വൈസ് ചാൻസലറുടെ 04.09.2020 തീയതിയിലെ ഉത്തരവിൻ പ്രകാരം പരാമർശം (1), (2) ഉത്തരവുകൾ താഴെ പറയും പ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

പരീക്ഷാ മാനുവൽ പ്രകാരം (i) മറ്റ് സർവ്വകലാശാലകൾ, (ii) ഫോറിൻ എംബസ്സികൾ (iii) എഡ്യൂക്കേഷണൽ ഏജൻസികൾ (കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ അധീനതയിലുള്ളത്), (iv)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഇന്ത്യൻ എയർഫോഴ്സ്, ഇന്ത്യൻ ആർമി, ഇന്ത്യൻ നേവി, നോർക്ക, കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള ഡിപ്പാർട്ട്മെന്റുകൾ എന്നിവയിൽ നിന്നൊഴികെ, മറ്റെല്ലാവിധ വെരിഫിക്കേഷൻ ഏജൻസികളിൽ നിന്നും സർവ്വകലാശാല നൽകുന്ന ജെനുവിൻനെസ്സ് വെരിഫിക്കേഷൻ സേവനത്തിന് ഫീസ് ഈടാക്കേണ്ടതാണ്.

എല്ലാ വിദേശ ഏജൻസികളിൽ നിന്നും (സർവകലാശാലകൾ ഉൾപ്പെടെ) ഡോളർ നിരക്കിൽതന്നെ ഫീസ് ഈടാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് -ചാൻസിലറുടെ / പ്രൊ-വൈസ്-ചാൻസിലറുടെ പി എസ്
2. രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
3. വിവിധ പരീക്ഷ / അക്കാദമിക് വിഭാഗം സെക്ഷനുകൾ
4. എ ആർ/ ഡി ആർ/ ജെ ആർ (പരീക്ഷ/അക്കാദമിക്/ഫിനാൻസ് )
5. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ/ പി ആർ ഓ/ റെക്കോർഡ്സ്
6. അക്കൗണ്ട്സ് 3/5 /ജനറൽ ക്യാഷ്
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 25211/ACA1 SO/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 22-Sep-2020 04:23 AM - Page 2